**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 988** **14-01-2021 - ൽ മറുപടിയ്ക്ക്**

**ചെങ്ങന്നൂർ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലാവധി വ്യക്തമാക്കാമോ; | (ബി) | 1)ചെങ്ങന്നൂർ സമഗ്ര കുടിവെള്ള പദ്ധതി പ്രസ്തുതപദ്ധതിയിലെ ആദ്യ പാക്കേജ് 25.08.2022 ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത് 2, 3, 4 പാക്കേജുകൾ എഗ്രിമെന്റ് വയ്ക്കുന്ന ദിവസം മുതൽ ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കും.<br>2)തിരുവല്ല - ചങ്ങനാശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി പ്രസ്തുത പദ്ധതി ജനുവരിയിൽ കരാർ ഉറപ്പിച്ച് 18 മാസം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ട എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ വിവരിക്കാമോ? | (സി) | 1)ചെങ്ങന്നൂർ സമഗ്ര കുടിവെള്ളപദ്ധതി ഈ പദ്ധതിയുടെ ഒന്നാം പാക്കേജിൽ പമ്പാ നദിയിലുള്ള പമ്പ് ഹൗസിൻറെ ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിനായി റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടു കിട്ടുന്നതിനായി 09/12/2020 ൽ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. പാക്കേജ് 2,4 ൽ RUB ചെങ്ങന്നൂർ, കുളിക്കപാലം എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ റയിൽവേ ട്രാക്ക് ക്രോസ് ചെയ്യുവാനുള്ള അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. ഇതിനായി 21/07/2020 ൽ പ്രോജക്ട് മാനേജർ പ്രോജക്ട് ഡിവിഷൻ ആലപ്പുഴയും, 17/09/2020 ൽ മധ്യ മേഖല ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ഡിവിഷനൽ റെയിൽവേ മാനേജർ എസ്.ആർ ന് കത്ത് നൽകിയിട്ടുണ്ട്. മുളക്കുഴ പഞ്ചായത്തിൽ കളരിത്തറയിൽ ജലസംഭരണിക്കു വേണ്ടി പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് തരേണ്ടതായിട്ടുണ്ട്. ഇതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. 2)തിരുവല്ല -ചങ്ങനാശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി ഈ പദ്ധതിയുടെ ഉപരിതല സംഭരണിക്കായി പറയാംകഴിയിൽ പാലത്തിന് |

| | | | |
|---|---|---|---|
| | | | സമീപം 20 സെൻറ് സ്ഥലം വിട്ടു നൽകുന്നതിനായി പഞ്ചായത്ത് സമിതി തീരുമാനം അറിയിച്ചു .എന്നാൽ നിർമാണത്തിനായി ആവശ്യമായ സ്ഥലം പഞ്ചായത്ത് കൈമാറിയിട്ടില്ല ഇത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ